**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5842.** **03.11.2016 ന് മറുപടിയ്ക്ക്**

**മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്നത് ഈ സർക്കാരിന്റെ നയമാണോ; ആണെങ്കിൽ ഇതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. 2016 നവംബർ 20 ന് വിമുക്തിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മദ്യ വർജ്ജനത്തിന് വേണ്ടി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉണ്ട്.<br><br>സ്കൂൾ,കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മയക്ക്മരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വില്പനയും ഉപഭോഗവും നടക്കുന്നത് സംബന്ധിച്ച പരാതികളിൽ കർശന നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനം ഇന്റലിജൻസ് വിഭാഗം എന്നിവ മുഖേന വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എയുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ച് വരുന്നു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശ |

| | | | |
|---|---|---|---|
| | | | ങ്ങളെ ക്കുറിച്ച് അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ സ്കൂളുകളിൽ പ്രദർശിപ്പിക്കുകയും, ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരി വസ്തുക്കളു ടെയും വില്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും എക്സൈസ് വകുപ്പിന് കൈമാറുന്നതിനായി സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതി പ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തു വരുന്നു. എക്സൈസ് കമ്മീഷണർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ച് വരുന്നു. കഞ്ചാവ് അടക്കമുള്ള മയക്കു മരുന്നുകൾ വില്പന നടത്തുന്നവർക്കെതിരെ എൻ.ഡി.പി.എസ് ആക്ട് പ്രകാരവും പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നവർക്കെതിരെ കോട്പ ആക്ട് 2003 പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**